## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3253

24.02.2016-ൽ മറുപടിയ്ക്ക്.

## വാഹന അപകടങ്ങൾ റിപ്പോർട്ട് ചെയ്യാൻ കർമ്മ പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. വി.റ്റി.ബൽറാം<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും<br>വകുപ്പ് മന്ത്രി) |
| (എ) വാഹന അപകടങ്ങൾ റിപ്പോർട്ട് ചെയ്യാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത് ; | (എ) വാഹനാപകടങ്ങൾ നടന്നാൽ പോലീസ് കൺട്രോൾ റൂം, ക്രൈം സ്റ്റോപ്പർ, ഹൈവേ ജാഗ്രതാ സമിതികൾ, ഡ്രൈവേഴ്സ് യൂണിയനുകൾ, റസിഡൻസ് അസോസിയേഷനുകൾ, റോഡ് സേഫ്റ്റി ക്ലബുകൾ എന്നിവയ്ക്കും, വിവിധ സന്നദ്ധ സംഘടനകൾക്കും, അപകട വിവരം റിപ്പോർട്ട് ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഹൈവേ പട്രോളിംഗ്, ട്രാഫിക്ക് ഹെൽപ്പ് ലൈൻ എന്നിവിടങ്ങളിലേയ്ക്ക് ടോൾഫ്രീയായും, ഇ-മെയിൽ, വാട്ട്സ് ആപ്പ് തുടങ്ങിയ നൂതന മാധ്യമങ്ങൾ മുഖേനയും, 9846100100 എന്ന ഹൈവേ അലേർട്ട് നമ്പരിലേയ്ക്കും 100, 1099, 1090 എന്നീ ടോൾഫ്രീ നമ്പരുകളിലേയ്ക്കും വാഹനാപകട വിവരങ്ങൾ റിപ്പോർട്ടു ചെയ്യാൻ പൊതുജനങ്ങൾക്ക് സൗകര്യമുണ്ട്. |

| | | | |
|---|---|---|---|
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (ബി) | വാഹനാപകടം നടന്നാൽ വിവരം ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ ഉടൻ അറിയിക്കുക, പരിക്കേൽക്കുന്നവരെ കാലതാമസം കൂടാതെ ആശുപത്രിയിൽ എത്തിക്കുക, സുഗമമായ ഗതാഗതം ലഭ്യമാക്കി അവരുടെ ജീവൻ രക്ഷിക്കുക എന്നിവയെല്ലാം ഇതിന്റെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങളാണ്.<br>ഇത് നടപ്പിൽ വരുത്തുന്നതിനായി 108 ആംബുലൻസിന്റെയും പോലീസ് കൺട്രോൾ റൂം, ഹൈവേ പോലീസ് വാഹനങ്ങളുടെയും സേവനം ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. മാത്രമല്ല പരിക്കേൽക്കുന്നവരെ ആശുപത്രിയിൽ എത്തിക്കുന്നവർക്ക് അതിന് ചെലവാകുന്ന തുക നൽകുന്നതിനും, വാഹനാപകടത്തിൽപ്പെടുന്നവർക്ക് വാഹനത്തിന്റെ നാശനഷ്ടത്തിന് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, പരമാവധി വേഗത്തിൽ പോലീസ് നിയമ സഹായം ലഭ്യമാക്കുക എന്നീ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ